# ‘കോവിഡ് ജാഗ്രത’

കോവിഡ് മഹാമാരിമൂലം ലോകം ഏറെക്കുറെ സ്തംഭിച്ചുനിന്ന രണ്ടുവർഷക്കാലമാണ് കഴിഞ്ഞു പോയത്. ലോക്ഡൗൺസമയമുൾപ്പെടെ കഴിഞ്ഞ രണ്ടു വർഷങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സംഘടനാപ്രവർത്തനം മികച്ച രീതിയിൽ നടത്തുവാൻ എൻ.എസ്.എസ്സിന് കഴിഞ്ഞു എന്നത് അഭിമാനകരമായ വസ്തുതയാണ്. നേതൃത്വത്തിൽനിന്നും നല്കിയ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് കോവിഡിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം എത്തിക്കുന്നതിൽ താലൂക്ക് യൂണിയനുകളും കരയോഗങ്ങളും ശ്ലാഘനീയമായ പ്രവർത്തനമാണ് കാഴ്ചവെച്ചത്.

കോവിഡ് ഇപ്പോഴും നമ്മെ വിട്ടുപിരിയുന്നില്ല. ജനിതകമാറ്റം സംഭവിച്ച് കൂടുതൽ വ്യാപനശേഷിയോടെ ഇപ്പോൾ ‘ഒമിക്രോൺ’ ഭീഷണി മുഴക്കിത്തുടങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നാം കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

അതിന്റെ ഭാഗമായി നായർ സർവീസ് സൊസൈറ്റിയുടെ മാനവവിഭവശേഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ‘കോവിഡ് ജാഗ്രത’ എന്ന ശീർഷകത്തിൽ ഒരു പ്രചാരണപരിപാടിക്ക് രൂപം നല്കുവാൻ ഉദ്ദേശിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് പ്രൊഫസറും “നമ്മുടെ ആരോഗ്യം പദ്ധതി”യുടെ ഓണററി നോഡൽ ആഫീസറുമായ ഡോ. ബി. പത്മകുമാറാണ് കോവിഡ് ജാഗ്രതാ പദ്ധതിക്ക് നേതൃത്വം നല്കുന്നത്.

കോവിഡാനന്തരജീവിതം എങ്ങനെ ആയിരിക്കണം, വാക്സിനേഷനിൽ സ്വീകരിക്കേണ്ട സമീപനം, ഒമിക്രോണിനെ പ്രതിരോധിക്കൽ, രോഗികളുടെ ഗൃഹപരിപാലനം, കുട്ടികളെ ഈ മഹാമാരിയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പരിശീലനം എന്നിവയാണ് കോവിഡ് ജാഗ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഡോ. പത്മകുമാർ തയ്യാർചെയ്ത മാർഗ്ഗരേഖ എല്ലാ താലൂക്ക് യൂണിയനുകളിലും കരയോഗതലത്തിലും എത്തിച്ച് ഈ പദ്ധതി സാക്ഷാത്കരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് യൂണിയൻതലപരിശീലനപരിപാടി ഫെബ്രുവരി മാസം 6-ന് എൻ.എസ്.എസ്. ആസ്ഥാനത്ത് നിന്ന് ഓൺലൈനായി നടത്തുവാൻ ഉദ്ദേശിക്കുന്നു.

താലൂക്ക് യൂണിയനുകളിൽ ഈ പദ്ധതിയുടെ നിർവഹണത്തിനും കരയോഗഭാരവാഹികളെ ബോധവൽക്കരിക്കുന്നതിനും സംഘടനാപ്രവർത്തകരും സേവനതൽപരരും വിദഗ്ദ്ധരും ആയ അഞ്ചുപേരെ കണ്ടെത്തി അവരുടെ വിശദാംശങ്ങൾ എൻ.എസ്.എസ്. ഹെഡ്ഡാഫീസിൽ ജനുവരി 20-ാം തീയതിക്കു മുൻപായി കൈമാറുന്നതാണ്. യൂണിയൻ പ്രസിഡന്റ്, സെക്രട്ടറി, തിരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധർ എന്നിവർക്കായിരിക്കും പരിശീലനം നല്കുക. പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നതിനു മുമ്പായിത്തന്നെ യൂണിയനിൽ ലഭ്യമാക്കിയിരിക്കുന്ന മാർഗ്ഗരേഖാനിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതായിരിക്കും. ഒരു മണിക്കൂർ പരിശീലനത്തിനും അടുത്ത ഒരു മണിക്കൂർ സംശയനിവാരണത്തിനുമുള്ള അവസരമായാണ് പരിപാടി ക്രമീകരിക്കുന്നത്.

കരയോഗഭാരവാഹികൾക്ക് പരിശീലനം നല്കി കരയോഗാംഗങ്ങൾക്കിടയിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാർചെയ്ത് ജനുവരി 30-ാം തീയതിക്കു മുൻപായി കരയോഗംരജിസ്ട്രാർഓഫീസിന് കൈമാറുന്നതാണ്.

കാലികപ്രസക്തിയുള്ള അതീവഗൗരവമുള്ള ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധയും ജാഗ്രതയും എല്ലാവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.